<u>ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം</u>

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ അങ്ങേയ്ക്ക് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

<u>റെയിൽവേ നിരക്ക് വർദ്ധനവുമൂലം ഉളവായിട്ടുള്ള വിലക്കയറ്റം</u>

<u>ശ്രീ. സി. ദിവാകരൻ</u> : സർ, "റെയിൽവെ യാത്രാനിരക്കും ചരക്കുകൂലിയും കുത്തനെ ഉയർത്തിയ നടപടിമൂലം കേരളത്തിലെ റെയിൽവെ യാത്രക്കാർക്ക് നേരിടേണ്ടിവരുന്ന കടുത്ത സാമ്പത്തിക ഭാരം, അതിരൂക്ഷമായ വിലക്കയറ്റം എന്നീ സാഹചര്യങ്ങളെക്കുറിച്ച് സഭ ചർച്ച ചെയ്യണമെന്ന ഉപക്ഷേപം" ഞാൻ അവതരിപ്പിക്കുന്നു.

ജൂൺ 20-ാം തീയതി, തികച്ചും അപ്രതീക്ഷിതമായിട്ടാണ് കേന്ദ്രഗവൺമെന്റ് റെയിൽവേ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചത്. ജൂൺ 25-ാം തീയതിമുതൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുകയും ചെയ്തു. തീവണ്ടി യാത്ര ചെയ്യുന്ന സാധാരണ ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് യാത്രക്കൂലിയിൽ 14.2% വർദ്ധനവും 6.5% ചരക്കുക്കൂലി വർദ്ധനവും പ്രഖ്യാപിച്ച് നടപ്പിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഈ നടപടിക്ക് കടുത്ത ഇരയാകുന്നത് കേരളത്തിലെ ജനങ്ങളാണ്. കേരളം സമ്പൂർണ്ണമായും ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. അന്യസംസ്ഥനങ്ങളിൽനിന്ന് തീവണ്ടി മാർഗ്ഗമാണ് 90 ശതമാനം സാധനങ്ങളും ഇവിടെയെത്തുന്നത്. അതിന്റെ കണക്കുകളുടെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പച്ചക്കറി, പാൽ, മുട്ട, മാംസം, ഭക്ഷ്യധാന്യങ്ങൾ, നിത്യോപയോഗ സാധന

ങ്ങൾ, ഡീസൽ, പെട്രോൾ, പാചകവാതകം, സിമന്റ്, കമ്പി, വളം ഇങ്ങനെയുള്ള അവശ്യസാധനങ്ങളെല്ലാം വരുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നാണ്.

വളരെ ശ്രദ്ധേയമായ ഒരു കാര്യം, കേരളത്തിലെ ജനങ്ങളുപയോഗിക്കുന്ന ജീരകം മധ്യപ്രദേശിൽനിന്നും മുളക് ഗുണ്ടൂരിൽനിന്നും ചെറുപയർ കർണ്ണാടകത്തിൽനിന്നുമാണ് വരുത്തുന്നത്. ഇങ്ങനെ ഓരോ സാധനങ്ങളും അന്യസംസ്ഥാനങ്ങളിൽനിന്നും പ്രതിദിനം തീവണ്ടിമാർഗ്ഗം വരികയാണ്. ഈ അവസരത്തിലാണ് ഇടിത്തീ വീഴുന്നതുപോലെ ചരക്കുകൂലിയിൽ 6.5 ശതമാനം വർദ്ധനവ് വരുത്തിയിരിക്കുന്നത്. കേരളത്തിലേയും ഇന്ത്യയിലേയും ജനങ്ങൾ കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് വരുന്നത് സംബന്ധിച്ച് വളരെ പ്രതീക്ഷയിലായിലുന്നു. 'നല്ല നാളുകൾ വരുന്നു' എന്നാണ് ബി.ജെ.പി. പറഞ്ഞത്. പക്ഷേ 'പാമ്പ് കടിച്ചവന്റെ തലയിൽ ഇടിത്തീ' വീണു എന്നുപറയുന്നതുപോലെയുള്ള സംഭവമാണിവിടെ ഉണ്ടായത്. കേരളത്തിലേയും കേന്ദ്രത്തിലേയും ഗവൺമെന്റുകൾ ചെയ്തുകൂട്ടിയ നടപടികളുടെ മൂർദ്ധന്യദശയാണിപ്പോൾ അനുഭവിക്കുന്നത്. റെയിൽവേ നിരക്കിലുണ്ടായ ഈ വർദ്ധനവ് കേരളത്തിലെ ജനങ്ങൾ ഒരിക്കലും പ്രതീക്ഷിച്ചിതല്ല. കാരണം ഇന്ത്യൻ റെയിൽവേയ്ക്ക് ഏറ്റവുംകൂടുതൽ വരുമാനം നേടിക്കൊടുക്കുന്ന അപൂർവ്വം സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇവിടത്തെ യാത്രക്കാരുടെ എണ്ണംതന്നെ ശ്രദ്ധേയമാണ്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽനിന്നും 2 ലക്ഷം പേരും കോഴിക്കോടുനിന്നും 1,40,000 പേരും പ്രതിദിനം യാത്ര ചെയ്യുന്നുണ്ട്. പ്രതിദിനം കേരളത്തിൽ തീവണ്ടിയെ ആശ്രയിച്ച് യാത്രചെയ്യുന്ന ഏകദേശം

26 ലക്ഷം യാത്രക്കാരുണ്ട്. ഇവരുടെ പുറത്താണ് 14.5 ശതമാനം യാത്രാക്കൂലി വർദ്ധിപ്പിച്ചുകൊണ്ട് അമിതഭാരമേൽപ്പിച്ചിരിക്കുന്നത്. ചരക്കുകൂലി ഉൾപ്പെടെ കഴിഞ്ഞവർഷം 1,400 കോടി രൂപയുടെ വരുമാനമാണ് ഈ കൊച്ചുകേരളത്തിൽനിന്നും റെയിൽവേയ്ക്ക് ലഭിച്ചത്. ഇത് ഇനിയും വർദ്ധിക്കാൻ പോകുകയാണ്. പ്രതിവർഷം ഏകദേശം 2,000 – 3,000 കോടി രൂപ കേരളത്തിലെ ജനങ്ങളിൽനിന്നും പോക്കറ്റടിക്കുകയാണ് ഈ നടപടിയിലൂടെ കേന്ദ്രഗവൺമെന്റ് ചെയ്തിരിക്കുന്നത്. രാമൻ വാണാലും രാവണൻ വാണാലും റെയിൽവേയുടെ കാര്യത്തിൽ കേരളത്തിന്റെ അനുഭവത്തിന് ഒരു മാറ്റവുമില്ല. പാലക്കാട് കോച്ച് ഫാക്ടറിക്കുവേണ്ടി സ്ഥലമെടുത്തുകൊടുത്ത് കാത്തിരുന്നു, കോച്ച് ഫാക്ടറി എങ്ങോട്ടുപോയി എന്ന് ആർക്കുമറിയില്ല. തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ ഏഷ്യയിലെ നമ്പർ വൺ സ്റ്റേഷനാക്കുമെന്ന് പറഞ്ഞു, ഒന്നും നടന്നില്ല. ആലപ്പുഴയിൽ വാഗൺ ഫാക്ടറി വാഗ്ദാനം ചെയ്തിരുന്നു, സെൻട്രൽ സ്റ്റേഷൻ റിപ്പയറിംഗ് യാർഡിനുവേണ്ടി പാപ്പനംകോട് സ്ഥലമെടുത്തുകൊടുത്തു, വേളിയും നേമവും ഉപഗ്രഹ സ്റ്റേഷനുകളാക്കുമെന്നുപറഞ്ഞു, യാതൊന്നും നടപ്പിലായില്ല. ദീർഘനാളുകളായി എല്ലാകാര്യത്തിലും ഇതാണ് അവസ്ഥ. പ്രതിശീർഷ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും താഴെ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇപ്പോൾ പാലക്കാട്ടുള്ള റെയിൽവേ ഡിവിഷൻ മംഗലാപുരത്തേയ്ക്ക് മാറ്റുകയാണ്. മംഗലാപുരത്തുകാരനായ സദാനന്ദ ഗൗഡ കേന്ദ്രമന്ത്രിയായി വന്നപ്പോൾ അതിനായി അടിയന്തര നടപടികളെടുത്തുകഴിഞ്ഞിരിക്കുകയാണ്. ഷൊർണ്ണൂർ കേന്ദ്രീകരിച്ചുള്ള റെയിൽവേ ഡിവിഷൻ നഷ്ടമാവുകയാണ്. തിരുവനന്തപുരം

റെയിൽവേ സോൺ വരുമെന്ന് വളരെനാളുകളായി പ്രതീക്ഷയുണ്ടായിരുന്നതാണ്, ഒന്നും നടന്നില്ല. ഈ ചാർജ്ജ് വർദ്ധന എങ്ങനെയാണ് നമ്മുടെ വിദ്യാർത്ഥികൾ താങ്ങുന്നത്? വിദ്യാർത്ഥികളുൾപ്പെടെ പ്രതിദിനം ഒരുലക്ഷം ആളുകളാണ് തിരുവനന്തപുരം-കൊല്ലം-ആലപ്പുഴ റൂട്ടിൽ സീസൺ ടിക്കറ്റിൽ യാത്ര ചെയ്യുന്നത്. സീസൺ ടിക്കറ്റിന്റെ ചാർജ്ജ് നൂറിരട്ടി വർദ്ധിപ്പിച്ചു. നിലവിൽ 20 കിലോമീറ്റർ ദൂരം സഞ്ചരിക്കാം എന്നുള്ളത് 15 കിലോമീറ്ററാക്കി കുറച്ചു. ടിക്കറ്റ് ചാർജ്ജിനുപുറമെ ഡെവലപ്മെന്റ് ഫണ്ട് എന്നുപറഞ്ഞ് വീണ്ടും 10 ശതമാനം ഈടാക്കുന്നു. ഇത് കേരളത്തിന് താങ്ങാൻ കഴിയുന്നതല്ല. കേരളത്തിലെ ജനങ്ങൾ ഈ വിഷയത്തിൽ ഉത്ക്കണ്ഠാകുലരാണ്, പ്രതിഷേധമുള്ളവരാണ്. സംസ്ഥാന ഗവൺമെന്റ് അതിശക്തമായ രീതിയിൽ ഇക്കാര്യത്തിൽ ഇടപെടണം. ഇതിനെതിരെ കേരളത്തിലെ 20 എം.പി. മാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. 7-ാം തീയതി റയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. ഐകകണ്ഠ്യേന ഒരഭിപ്രായം രൂപീകരിക്കാൻ നമ്മുടെ നിയമസഭക്ക് കഴിയണം. നമ്മൾ ഒരു സമവായത്തിലെത്തണം. ഞാൻ കോൺഗ്രസ്സുകാരെ ഈ സന്ദർഭത്തിൽ കുറ്റം പറയുന്നില്ല. പക്ഷേ, ബി.ജെ.പി. ഇത് നടപ്പിലാക്കിയിട്ട് പറഞ്ഞിരിക്കുന്നത് 'Nothing unfair about hike'; അതിന്റെ വിശദീകരണം പറയുന്നത് - 'U.P.A. lagged the courage to implement its own decision.' തീരുമാനിച്ചിരുന്ന കാര്യം നടപ്പിലാക്കാൻ യു.പി.എ. ഗവൺമെന്റിന് തന്റേടമില്ലാതെ പോയി, ഞങ്ങളത് നടപ്പിലാക്കുന്നു എന്ന് നാഷണൽ പ്രസ്സിൽ വന്നിരിക്കുകയാണ്- ശ്രീ. അരുൺ ജയ്റ്റ്ലിയാണ് ഇത് പറഞ്ഞിരിക്കുന്നത്; ഇതുവരെ കോൺഗ്രസ്സുകാരുടെ ഒരു പ്രതികരണവും വന്നിട്ടില്ല. നിങ്ങൾ കൂടെക്കൂടെ ഇവിടെ പറയുന്നതുപോലെ

യാണ് ബി.ജെ.പി.യും പറയുന്നത്, എല്ലാം കോൺഗ്രസ്സുകാർ തുടങ്ങിവച്ചു എന്നാണ്. ഡിഫൻസും, റെയിൽവേയും സ്വകാര്യ മേഖലയ്ക്ക് കൊടുക്കുന്നതിന് കോൺഗ്രസ്സ് തീരുമാനിച്ചിരുന്നു, ചരക്ക് കൂലി വർദ്ധന, യാത്രാക്കൂലി വർദ്ധന ഇതെല്ലാം കോൺഗ്രസ്സ് തീരുമാനിച്ചിരുന്നു എന്നാണ് ഔദ്യോഗികമായി പറയുന്നത്. ഇപ്പോൾ അതിനെക്കുറിച്ച് ഒരു വിവാദത്തിന് ഞാൻ മുതിരുന്നില്ല. പക്ഷേ അങ്ങനെ പറഞ്ഞൊഴിയാൻ കേന്ദ്ര ഗവൺമെന്റിനെ അനുവദിക്കരുത്. ഈ സന്ദർഭത്തിൽ വളരെ ശക്തമായ ഒരു ഇടപെടലുണ്ടാകണം. സമരംചെയ്യുന്നവരെ നിങ്ങൾ എല്ലാക്കാലത്തും കേന്ദ്രവിരുദ്ധസമരം എന്നുപറഞ്ഞ് ആക്ഷേപിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ കേന്ദ്രവിരുദ്ധസമരത്തിന് സമയം വൈകിയിരിക്കുകയാണ്. ഇതുപോലെ ജനങ്ങളെ കൊള്ളയടിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. റെയിൽവേ ബഡ്ജറ്റ് വരുന്നതേയുള്ളൂ. പാർലമെന്റ് അറിയുന്നില്ല, ജനപ്രതിനിധികൾ ചർച്ച ചെയ്തിട്ടില്ല. കേന്ദ്രഗവൺമെന്റ് ജനാധിപത്യത്തെ കശാപ്പ് ചെയ്തിരിക്കുകയാണ്. അതിനെതിരെ ശക്തമായി പ്രതിഷേധിക്കണം. തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും കോൺഗ്രസ് ഇന്ന് ഇന്ത്യയിലെ ഏറ്റവും ശക്തമായ ഒരു പാർട്ടിയല്ലേ; പക്ഷേ ആ നിലയിലുള്ള ഒരു സമീപനം ഇവിടെ സ്വീകരിക്കുന്നില്ല. എന്നാൽ ലക്നൗ, യു.പി., വാരണാസി, മുംബൈ എന്നിവിടങ്ങളിൽ കോൺഗ്രസ് ശക്തമായ സമരം നടത്തി, പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. പോലീസുമായി ഏറ്റുമുട്ടിയ വാർത്തകൾ 'ദി ഹിന്ദു' പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ നിങ്ങൾക്ക് ഒരു ഗവൺമെന്റുള്ളതുകൊണ്ട്, ഇതെല്ലാം ചെയ്യാമോ; കേന്ദ്രവിരുദ്ധസമരം വലിയ മഹാപാപമല്ലേ; എവിടെ തൊടാം; എവിടെ തൊട്ടാലും അപകടമല്ലേ എന്നരീതിയിലിരിക്കുകയാണ്. ഇത് ജനങ്ങളുടെ

വികാരമാണ്. റെയിൽവേയുടെ ഈ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കണമെന്ന് നമുക്കൊരുമിച്ച് ആവശ്യപ്പെടാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലില്ല. അദ്ദേഹം കത്തെഴുതി എന്നാണ് പറയുന്നത്. അദ്ദേഹം പഴയ ഓർമ്മ വച്ച് കത്തെഴുതിയതാണ്. ഈ കത്തൊന്നും അവിടെ ഇപ്പോൾ എടുക്കില്ല. കേരളത്തിൽനിന്നുള്ള ഒരു കത്തിനും അവിടെ ഡെലിവറിയില്ല. അതിനിവിടെ വേറെ ഓഫീസുണ്ട്, അതുവഴി അയയ്ക്കണം. അതിനാണ് അവർ ഓഫീസുകൾ തുടങ്ങുന്നത്. അതുകൊണ്ട് റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് മുഖ്യമന്ത്രിയടക്കമുള്ള സർവ്വകക്ഷി നിവേദക സംഘം ഡൽഹിയിലെത്തി, കേരളത്തോട് കടുത്ത വഞ്ചനയാണ് കേന്ദ്രം കാണിക്കുന്നതെന്ന് പ്രധാനമന്ത്രിയോട് പറയണം. ഈ വർദ്ധനവ് ഏറ്റവും കൂടുതൽ പീനലൈസ് ചെയ്യുന്നത് കേരളത്തിലെ ആളുകളെയാണെന്നുള്ളത് അവർക്കറിയാം. കാരണം കേരളം ഏറ്റവും തെക്കേ അറ്റത്തുള്ള സംസ്ഥാനമാണ്. അതുകൊണ്ട് എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസമില്ലാതെ കക്ഷി രാഷ്ട്രീയത്തിനതീതമായി കേരളത്തിന്റെ ഈ വികാരം, ഇവിടത്തെ മൂന്നേകാൽകോടി ജനങ്ങളുടേയും പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാൻ ഇതുമായി ബന്ധപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇക്കാര്യത്തിൽ ഒരു സമവായത്തിൽ എത്താൻ കഴിയണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. പി. എ. മാധവൻ: സർ, കേരളത്തിലെ മുഴുവൻ ജനങ്ങളേയും വല്ലാതെ വീർപ്പുമുട്ടിക്കുന്ന, ഒരുപോലെ വിഷമിപ്പിക്കുന്ന ഒരുവലിയ പ്രശ്നത്തെക്കുറിച്ചാണ് ബഹുമാന്യനായ സി. ദിവാകരൻ ഇവിടെ നോട്ടീസ് നൽകിയ, റെയിൽവേ നിരക്ക് വർദ്ധനവുമൂലം ഉളവായിട്ടുള്ള വിലക്കയറ്റം

സംബന്ധിച്ചുള്ള പ്രമേയം. അതിന്റെ അന്ത:സത്തയോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ശ്രീ. സി. ദിവാകരൻ ഇവിടെ അവതരിപ്പിച്ച ഓരോ കാര്യങ്ങളും രാഷ്ട്രീയഭാഗങ്ങൾ ഒഴിച്ചാൽ അത് പൂർണ്ണമായും അംഗീകരിക്കാൻ കഴിയുന്ന ഒരുകാര്യമാണ്. കേരളത്തെ സംബന്ധിച്ച് ട്രെയിൻ യാത്രക്കാരുടെ ദുരിതം ഒരുനാടിന്റെ മൊത്തം ദുരിതമാണ്. ഇവിടെ ശ്രീ. സി. ദിവാകരന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് സൂചിപ്പിച്ചതുപോലെ ഞങ്ങൾ സമരത്തിൽനിന്നും മാറിനിന്ന ആളുകളൊന്നുമല്ല. ട്രെയിൻ യാത്രാനിരക്ക് വർദ്ധനക്കെതിരെ ഞങ്ങളുടെ പാർട്ടി നടത്തിയ വ്യാപക പ്രതിക്ഷേധസമരത്തിന്റെ സംസാരിക്കുന്ന ചിത്രങ്ങൾ എന്റെ കൈവശമുണ്ട്. ഇത് ഏത് പാർട്ടി ഏത് പാർട്ടിക്കെതിരെ നടത്തുന്ന സമരം, അല്ലെങ്കിൽ ഇതിന്റെ കനമെന്ത്, തൂക്കമെന്ത് എന്നതിന്റെ അടിസ്ഥാനത്തിലല്ല. ഇന്ത്യാരാജ്യത്തിന്റെ ഏറ്റവും തെക്കേയറ്റത്തുകിടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഒരു ഉപഭോക്തൃസംസ്ഥാനമെന്ന രീതിയിൽ സ്വാഭാവികമായും നമ്മൾ ആശ്രയിക്കുന്നത് തീവണ്ടികളെയാണ്. തീവണ്ടിയിൽ ചരക്കുകൂലി കൂടുന്നുവെന്ന് പറഞ്ഞാൽ ഒരു കേരളീയന്റെ തലയിൽ കൂടുതൽ ഭാരം വയ്ക്കുന്നു എന്നാണ്. തീവണ്ടിയിൽ യാത്രാകൂലി കൂടുന്നുവെന്ന് പറഞ്ഞാൽ എത്ര ശതമാനം കൂടുന്നുവോ അതിന്റെ പതിന്മടങ്ങ് ഭാരം ഒരു കേരളീയന്റെ തലയിൽ വരുന്നുവെന്നാണ്. അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് ഇന്നലെവരെ ഉണ്ടായിരുന്ന വലിയപ്രശ്നം ട്രെയിൻ സർവ്വീസുകളാണ്. പരാതിപ്പെട്ടിക്ക് കയ്യുംകാലും വച്ചതുപോലെ നടുറോഡിൽ നടന്നുനീങ്ങുന്ന ജനങ്ങളെയാണ് നമ്മൾ കണ്ടിരുന്നത്. താരതമേന്യ മെച്ചപ്പെട്ട ഒരു സംവിധാനം 10 കൊല്ലക്കാലംകൊണ്ട് നമ്മുടെ സംസ്ഥാനത്തിനുണ്ടാക്കിയെടുക്കാൻ കഴി

ഞ്ഞൂവെന്ന നേട്ടമാണ് എനിക്ക് പറയാനുള്ളത്. ട്രെയിൻ യാത്രാ ദുരിതത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. അതൊരു ചെറിയ സമാശ്വാസമായി കാണുമ്പോഴാണ് ഈ അടുത്തിടെയുണ്ടായ ട്രെയിൻ നിരക്കുവർദ്ധനവും ചരക്കുകൂലി വർദ്ധനവും. ഇതുമാത്രമല്ല, ഇടിവെട്ട് കൊണ്ടവനെ പാമ്പ് കടിച്ചു എന്ന രീതിയിലാണ്...., പല സാധാരണ എക്സ്പ്രസ്സ് തീവണ്ടികളെയും സൂപ്പർഫാസ്റ്റ് തീവണ്ടികളാക്കുകയാണ്. തൃശ്ശൂരിലേയും പാലക്കാടിലേയും എല്ലാ സ്റ്റേഷനുകളിലും കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി നടന്നുവരുന്ന യാത്രക്കാരുടെ സമരത്തിനുകാരണം കഴിഞ്ഞ 13-ാം തീയതി വരെ എക്സ്പ്രസ്സായി ഓടിക്കൊണ്ടിരിക്കുന്ന ചെന്നൈ എക്സ്പ്രസ്സ് സൂപ്പർ ഫാസ്റ്റാക്കുന്നതിനെതിരെയാണ്. സൂപ്പർ ഫാസ്റ്റ് ആക്കുന്നതോടുകൂടി പാലക്കാടുനിന്ന് എറണാകുളത്തേക്ക് പോകുന്ന, തൃശ്ശൂരിൽനിന്ന് എറണാകുളത്തേക്ക് പോകുന്ന സ്ഥിരം യാത്രക്കാരായ സീസൺ ടിക്കറ്റുകാർക്ക് വണ്ടിയിൽ കയറാൻ കഴിയില്ല. മാത്രവുമല്ല, സീസൺ ടിക്കറ്റ് വല്ലാതെ വർദ്ധിപ്പിക്കുകയും ചെയ്തു. വണ്ടിയിൽ കയറാൻ സാധിക്കാത്തതിനാൽ അവരുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. അവർക്ക് യാത്ര ചെയ്യാൻ കഴിയില്ല, എറണാകുളത്ത് പോകാൻ കഴിയില്ല, എറണാകുളത്തുനിന്ന് പാലക്കാട് പോകാൻ കഴിയില്ല, അങ്ങനെ നേരത്തെ പറഞ്ഞതുപോലെ ഇടിവെട്ട് കൊണ്ടവനെ പാമ്പുകടിച്ച ഒരവസ്ഥയാണ്. ട്രെയിൻ യാത്രക്കാരുടെ ദുരിതം ഇന്ന് മറ്റെന്തിനേക്കാളും വളരെ സ്ഫോടനാത്മകമായ ഒരു അന്തരീക്ഷത്തിലാണ്. അതിനെതിരെ കേരളത്തിലെ കക്ഷിരാഷ്ട്രീയത്തിനതീതമായി, ഇന്നലത്തെ ജാതകം പരിശോധിച്ച് ഇന്നലത്തെ കാര്യങ്ങൾ പരിശോധിച്ച്, അതിന്റെ രാഹുവും ഗുളികനും ഒക്കെ അന്വേഷിച്ച്, അതിന്റെയടിസ്ഥാ

നത്തിൽ വേണം കാര്യങ്ങൾ തീരുമാനിക്കാൻ എന്നാണ് സ്ഥിതിയെങ്കിൽ സ്വാഭാവികമായും നമുക്ക് കണക്ക് പറയാനെ നേരം കിട്ടുകയുള്ളു. എന്നാൽ ഒരു പ്രത്യേക സാഹചര്യത്തിൽ നമ്മുടെ നാടിനെയാകെ നേരിടുന്ന ഭവിഷ്യത്തിന്റെയും തർക്കങ്ങളുടെയും അപ്പുറത്ത് യോജിപ്പിന്റെ മേഖല കണ്ടെത്താനും ഈ യോജിപ്പിന്റെ മേഖല, നാടിന്റെ ആവശ്യത്തിനുവേണ്ടി യോജിക്കാൻ കഴിയുന്ന രാഷ്ട്രീയപ്രവർത്തകരും രാഷ്ട്രീയപാർട്ടികളുമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന് തെളിയിക്കാനുമുള്ള ഒരു വലിയ അവസരമാണ്. ആ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിൽ കൊടിയും രാഷ്ട്രീയവും ഒരു വിഷയമാകരുത്. അത് തീവണ്ടിയാത്രക്കൂലിയുടെ കാര്യത്തിൽ മാത്രമല്ല, നേരത്തെ ഇവിടെ പലരും സംസാരിച്ചതുപോലെ നല്ല നാള് സ്വപ്നം കാണാൻ പറഞ്ഞിട്ട് സ്വപ്നത്തിൽപ്പോലും നല്ല നാളില്ലെന്ന് ഉറപ്പായികൊണ്ടിരിക്കുകയാണ്.  അങ്ങനെയൊരു അവസ്ഥയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ആ അവസ്ഥ തീവണ്ടിയുടെയും പെട്രോളിന്റെയും ഡീസലിന്റെയും പാചകവാതകത്തിന്റേയുമൊക്കെ കാര്യത്തിലുണ്ടായി. പല കാര്യങ്ങളിലും ഡൽഹിയിൽനിന്നും വരുന്ന പ്രസ്താവനകൾ വായിച്ചാൽ നമുക്ക് ഭയമുണ്ടാകുന്ന സാഹചര്യമാണുള്ളത്. അതൊരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തെ തിരിച്ചറിയുകയും അതിന്റെ വെളിച്ചത്തിൽ എല്ലാവരുമായുള്ള യോജിപ്പ് ഈ മേഖലകളിൽ ഉണ്ടാക്കുകയും വളരെ ശക്തമായ പോരാട്ടത്തിന് നേതൃത്വം കൊടുക്കുകയും ചെയ്യണം.  യോജിച്ച ഒരു മുന്നേറ്റം ഇക്കാര്യത്തിൽ ഉണ്ടാക്കുന്നതിന് സഭയുടെയും എല്ലാവരുടെയും ഭാഗത്തുനിന്ന് സഹകരണം ഉണ്ടാകും, ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതുപോലെ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കുന്ന ഏക നിയമസഭ കേരളമാണ്. പക്ഷേ ഒരു വർഷം മുമ്പായിരുന്നെങ്കിൽ നമുക്ക് ഇതിന് കഴിയുമായിരുന്നില്ല. അങ്ങനെയൊരു രാഷ്ട്രീയമാറ്റം കേരളത്തിൽ വന്നിട്ടുണ്ട്. അത് നല്ലതാണ്. ചാനൽ ചർച്ചകളിലൊക്കെ എന്നെ അത്ഭുതപ്പെടുത്തിയ ഒരുചോദ്യം ബി.ജെ. പി.-യുടെ വക്താക്കൾ ചോദിക്കുകയുണ്ടായി. പത്തുവർഷമായി ഒരു ചാർജ് വർദ്ധനവും ഇല്ലാതിരുന്നിട്ട് ഇപ്പോഴെങ്കിലും ഒരുപ്രാവശ്യം വർദ്ധനവ് വേണ്ടേ എന്നാണ്. ഞാൻ അപ്പോൾ എല്ലാംപരിശോധിച്ചു. അഞ്ചുവർഷം ശ്രീ. ലാലു പ്രസാദ് യാദവ് ഉണ്ടായിരുന്നപ്പോൾ വർദ്ധനവ് കൂടിയിട്ടില്ലെന്ന് മാത്രമല്ല ഒരു പ്രാവശ്യം ഇന്ധനത്തിന് വില കുറയ്ക്കുകയും ചെയ്തു. എന്നാൽ അതിനു ശേഷം ശ്രീ. ഡാനിഷ് ത്രിവേദി ആയിരുന്ന സമയത്ത് നിങ്ങൾ പറയുന്ന തുകേട്ട് വില വർദ്ധിപ്പിച്ചതിന്റെ ഫലമായി അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനവും പോയി. പിന്നീട് വന്ന ശ്രീ. പവൻ കുമാർ ബെൻസൽ ജൂൺ 2013-ൽ ഇന്നു കൂട്ടിയ അത്രയും തുക കൂട്ടി 6600 കോടി രൂപയായി. അത് കഴിഞ്ഞുവന്ന ശ്രീ. മല്ലികാർജ്ജുൻ ഗാർഗെ ഒക്ടോബർ 2013-ൽ രണ്ട് ശതമാനംകൂട്ടി ഫെയർ 1.7 ശതമാനമാക്കുകയും ചെയ്തു. ഇനി ഭാവിയിൽ നിരന്തരമായി കൂട്ടിക്കൊണ്ടിരിക്കും എന്ന് ഉറപ്പുവരുത്തിയിട്ടാണ് പോയിട്ടുള്ളത്. ശ്രീ. മല്ലികാർജ്ജുൻ ഗാർഗെ കൂട്ടിയതല്ല, ഫ്യൂവൽ അഡ്ജസ്റ്റ്മെന്റ് കോമ്പൻസേഷൻ വച്ച് കൂട്ടികൊണ്ടിരിക്കുകയാണ്. ഫ്യൂവലിന് വിലകൂടുമ്പോൾ ആട്ടോമാറ്റിക്കായി വർഷത്തിൽ രണ്ടുപ്രാവശ്യം ഇന്ധനത്തിന് വില കൂട്ടാം. ഇതിനുപുറമേ റെഗുലേറ്ററി അതോറിറ്റികൂടി വേണമെന്ന് പറഞ്ഞിട്ടാണ് പോയത്.

എങ്കിൽപ്പോലും ഇന്ന് ഇങ്ങനെയൊരു നിലപാട് നിങ്ങൾ സ്വീകരിച്ചതിൽ സന്തോഷമുണ്ട്. ഒരുമിച്ച് അത്തരത്തിലുള്ള നിലപാടുകളെടുക്കാം. ഒരിക്കലും ട്രെയിൻ ഫെയർ കൂട്ടാൻ പാടില്ല എന്നല്ല, കഴിഞ്ഞവർഷം കൂട്ടിയതിനുശേഷം വീണ്ടും ഇപ്പോൾ ഈ വിലക്കയറ്റനാളിൽ കൂട്ടുന്നതിന് ഒരു ന്യായീകരണവു മില്ല എന്നാണ് ഞാൻ പറയുന്നത്. അതീവഗുരുതരമായ വിലക്കറ്റത്തെയാണ് നാം നേരിടാൻ പോകുന്നത്. സാമ്പത്തിക ശാസ്ത്രജ്ഞന്മാർ വിലക്കയറ്റ ത്തിന്റെ തോതിനെക്കുറിച്ചുള്ള പ്രവചനങ്ങൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. വരൾച്ചാക്കാലം ഇപ്പോഴുള്ളതുപോലെ പോകുകയാണെങ്കിൽ 10 ശതമാന ത്തിലേറെ കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ വർദ്ധനവുണ്ടാകുമെന്ന് ഏതാണ്ട് ഉറപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ രൂക്ഷമായ വിലക്കയറ്റമുണ്ടു കുമ്പോൾ ഇതിന് ആക്കം കൂട്ടുന്ന നടപടികളാണ് ബി.ജെ.പി. സർക്കാർ ഇതു വരെ സർവ്വകാര്യങ്ങളിലും എടുത്തിട്ടുള്ളത്. ഇന്നത്തെ പാചക വാതകത്തിന്റെയും ഡീസലിന്റെയും മണ്ണെണ്ണയുടെയുമെല്ലാം വിലവർദ്ധന വിന്റെ കാര്യങ്ങൾ ചർച്ച ചെയ്ത് തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. യൂറി യയുടെ വില വർദ്ധിപ്പിച്ചു. ഇപ്പോൾ നാച്ചുറൽ ഗ്യാസിന്റെ വിലവർദ്ധന വിന്റെ കാര്യത്തിൽ കേന്ദ്രം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ ഫിനാൻഷ്യൽ എക്സ്പ്രസ്സിന്റെ തലക്കെട്ടിൽ ‘വില, ദശലക്ഷം ബ്രിട്ടീഷ് തെർമ്മൽ യൂണിറ്റിന് 4.2 ഡോളറായിരിക്കുന്നത് 8 ഡോളറിലേറെ വർദ്ധിപ്പി ച്ചില്ലെങ്കിൽ ഞങ്ങൾ മുതൽമുടക്കില്ല എന്ന് റിയലൻസ് അടക്കമുള്ളവർ പര സ്യമായി പറഞ്ഞിരിക്കുകയാണ്’. ഇത് സെറ്റിൽ ചെയ്യണം എന്നുള്ള നിലപാ ടിലാണ്. ഞാൻ കണക്കെടുത്ത് പരിശോധിച്ചുനോക്കിയപ്പോൾ ഒരു ഡോളർ പ്രകൃതിവാതകത്തിന് വില വർദ്ധിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ യൂറിയയുടെ വില

1,370 രൂപ ടണ്ണിന് കൂടും. ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി വില ഡോളറിന്റെ കണക്കുവച്ചുനോക്കുമ്പോൾ 45 പൈസ വർദ്ധിക്കും. സി.എൻ. ജി.-യുടെ വില ഒരു കിലോയ്ക്ക് 2.81 രൂപയായി കൂടും. പൈപ്പ്ലൈൻ വഴിയുള്ള പാചകവാതകം കൊടുക്കുന്നത് ഒന്നിന്, ഒരു ക്യുബിക് മീറ്ററിന് 1.89 രൂപ വിലവർദ്ധനവുണ്ടാകും. ഈവരുന്ന ഓരോ നീക്കവും വില വർദ്ധ നവിന് ആക്കം കൂട്ടാൻ പോകുകയാണ്.

ഇന്ന് ഇൻഡ്യയിൽ വില വർദ്ധിക്കുന്നത് ആളുകളുടെ കൈയിൽ കൂടു തൽ പണമുള്ളതുകൊണ്ടും കൂടുതൽ സാധനങ്ങൾ വാങ്ങുന്നതുകൊണ്ടുമല്ല. സാധനങ്ങൾ വാങ്ങാത്തതുകൊണ്ട് അവ കെട്ടിക്കിടന്ന് മാന്ദ്യം ഉണ്ടാകുന്ന കാലമാണ്. സാമ്പത്തിക മുരടിപ്പാണുണ്ടാകുന്നത്. ആളുകൾ സാധനങ്ങൾ കൂടുതൽ വാങ്ങുന്നതുകൊണ്ടല്ല വിലക്കയറ്റമുണ്ടാകുന്നത്. ചെലവ് വിലയെ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള നടപടികളാണ് പൂർണ്ണമായും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയൊരു നടപടി സ്വീകരിക്കുമ്പോൾ മാന്ദ്യവും രൂക്ഷമാകുന്നു. മാന്ദ്യത്തിൽനിന്ന് രക്ഷപ്പെടണമെങ്കിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടത്. പക്ഷേ വിലക്കയറ്റത്തിന്റെ നാളിൽ അതിന് കഴിയില്ല, ഫിസ്കൽ ഡെഫിസിറ്റ് എങ്ങനെ കുയ്ക്കാൻ കഴി യുമെന്നായിരിക്കും ചിന്തിക്കുന്നത്. മറ്റൊന്ന്, വിലക്കയറ്റം പിടിച്ചുനിർത്താ നായി പലിശ വർദ്ധിപ്പിക്കുന്നു എന്ന് റിസർവ് ബാങ്ക് പ്രഖ്യാപിച്ചുകഴിഞ്ഞു. ഇത് രണ്ടുംകൂടി വന്നാൽ സാമ്പത്തികമാന്ദ്യം കൂടുതൽ രൂക്ഷമാകുന്ന സ്ഥിതിയുണ്ടാകും. ഈ സാമ്പത്തിക ശാസ്ത്ര കാഴ്ചപ്പാടിന്റെ അടിസ്ഥാന ത്തിൽ ഒരു കാരണവശാലും ഈ സന്ദർഭത്തിൽ വില വർദ്ധിപ്പിക്കാൻ പാടില്ല.

പിന്നെ എന്താണ് ചെയ്യാൻ കഴിയുക എന്ന ചോദ്യത്തിന് കൃത്യമായ മറുപടി യുണ്ട്. രണ്ടരലക്ഷം കോടിരൂപയാണ് കോർപ്പറേറ്റുകൾക്ക് മാത്രമുള്ള നികുതിയിളവ്. ഒരു വശത്ത് എല്ലാ കോർപ്പറേറ്റുകളും പറയുന്നത് ജനങ്ങൾക്കുള്ള സബ്സിഡി കുറയ്ക്കണമെന്നും ട്രെയിൻ ഫെയർ ഉൾപ്പെടെയുള്ള ചാർജുകൾ വർദ്ധിപ്പിക്കണമെന്നുമാണ്. മറുവശത്ത് കോർപ്പറേറ്റുകൾതന്നെ പറയുന്നത് ഞങ്ങൾക്ക് കൂടുതൽ ഇൻസെന്റീവ് നൽകണം എന്നാണ്. മുതലാളിക്ക് കൊടുത്താൽ ഇൻസെന്റീവെന്നും ജനങ്ങൾക്ക് കൊടുത്താൽ സബ്സിഡി എന്നുംപറയും. ഈ വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ മുതലാളിമാർക്ക് കൊടുക്കുന്ന ഇൻസെന്റീവ് കുറയ്ക്കണമെന്നും ജനങ്ങൾക്ക് നൽകുന്ന സബ്സിഡി വർദ്ധിപ്പിക്കണമെന്നും നമുക്കൊരുമിച്ച് പറയാം. ഇപ്പോൾ നമുക്ക് ലഭിക്കുന്ന റേഷൻ ബി.പി.എൽ.-ന് 17 കിലോയായും എ.പി.എൽ.-ന് 5 കിലോയുമായി കുറച്ചിരിക്കുന്നു. വിലക്കയറ്റം ഉണ്ടാകുന്ന നാളിലാണ് സഹായം വേണ്ടത്. ശ്രീ. സി. ദിവാകരൻ പ്രമേയം അവതരിപ്പിച്ച് സംസാരിച്ചപ്പോൾ, വിലക്കയറ്റവും ചരക്കുകൂലി വർദ്ധനയും നമ്മളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത് എന്നുപറഞ്ഞത് വളരെ ശരിയായ നിരീക്ഷണമാണ്. എന്നാൽ വിലക്കയറ്റത്തിന്റെ നാളിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ വിലക്കയറ്റത്തിൽനിന്ന് ജനങ്ങൾക്ക് ചെറിയൊരു സംരംക്ഷണം നൽകുന്ന റേഷൻ സംവിധാനത്തെയും ഇല്ലാതാക്കാൻ പോകുന്നു. ഇത്രയും സാധനങ്ങൾ മാത്രംവച്ച്  റേഷൻകട നടത്തിയാൽ അവർക്ക് എന്ത് ലാഭമാണ് കിട്ടുക? റേഷൻ സംവിധാനമാകെ തകർക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ശ്രീ. ബെന്നി ബെഹനാൻ സംസാരിക്കുമ്പോൾ ഇനി ഞങ്ങൾ ഭര

ണത്തിൽവന്നാൽ കഴിഞ്ഞ പ്രാവശ്യം വർദ്ധിപ്പിച്ചതുപോലെ വർദ്ധിപ്പിക്കില്ല എന്ന് പറഞ്ഞാൽ നല്ലത്. പറഞ്ഞില്ലെങ്കിലും ഇപ്പോൾ എതിർക്കാൻ നമുക്ക് ഒരുമിച്ച് നിൽക്കാം. ശ്രീ. ദിനേശ് ത്രിവേദി നിങ്ങളോടൊപ്പംനിന്ന് തന്റേടത്തോടെ കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചതുകൊണ്ട് നിങ്ങൾ അദ്ദേഹത്തിന്റെ മന്ത്രി സ്ഥാനം നഷ്ടപ്പെടുത്തിയില്ലേ? അതിനെക്കുറിച്ച് ചെറിയൊരു പശ്ചാത്താപം എ.കെ. ആന്റണി മോഡലിലെങ്കിലും നടത്തിക്കഴിഞ്ഞാൽ കൂടുതൽ ഐക്യത്തോടെ നമുക്ക് ഈ പ്രമേയം പാസാക്കാമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളം ഒന്നിച്ച് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണിത്. നമ്മുടെ രാജ്യത്ത് നല്ല നാളുകൾ വരുന്നു എന്നാണ് ഇന്ത്യയുടെ പ്രധാനമന്ത്രി പറഞ്ഞത്. പക്ഷേ ചരക്കുകൂലി വർദ്ധനവിലൂടെ അരിയടക്കം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനിടയാകുന്നു. വിമാന ഇന്ധനച്ചാർജ് വർദ്ധിപ്പിച്ച് വിമാന ടിക്കറ്റ് വർദ്ധിപ്പിക്കുന്നതിലൂടെ പ്രവാസികളുടെ നെഞ്ചത്തടിക്കുന്നു. മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ച് മത്സ്യത്തൊഴിലാളികളുടെ നെഞ്ചത്തടിക്കുന്നു. ഡീസൽ വില വർദ്ധനവിലൂടെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചലമാകാൻ പോകുന്നു. പാചകവാതക വില വർദ്ധിപ്പിച്ച് അടുക്കള പൂട്ടാനിരിക്കുന്നു. ഇനി നമ്മുടെ രാജ്യത്ത് അവശേഷിക്കുന്നത് നമോ ചായക്കടയിലെ വിത്തൗട്ട് ചായ മാത്രമാണ്. കുറഞ്ഞ നാളുകൾകൊണ്ട് നമ്മുടെ രാജ്യത്തെ അവിടേയ്ക്ക് എത്തിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തി. ചരക്കുകൂലി വർദ്ധിപ്പിക്കുന്നതോടൊപ്പം അപകടകരമായ മറ്റൊന്നാണ് ഡെമറേജ് ചാർജ് വർദ്ധിപ്പിക്കുന്നത്. ഒരു ചരക്കുവാഗൺ എത്തിക്കഴിഞ്ഞാൽ നിശ്ചിത സമയത്തിനുള്ളിൽ ചരക്കിറക്കിയില്ലെങ്കിൽ

150 രൂപ നൽകേണ്ടിയിരുന്നത് 900 രൂപയാക്കി മാറ്റി. 40 വാഗണുള്ള ചരക്കു വാഗണ് നിശ്ചിത സമയത്തിനുള്ളിൽ (9 മണിക്കൂർ) ചരക്ക് ഇറക്കാൻ കഴിഞ്ഞില്ലെങ്കിൽ നേരത്തെ മൂന്ന് ലക്ഷംരൂപ ഈടാക്കിയിരുന്നത് ഇപ്പോൾ 20 ലക്ഷംരൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അങ്ങനെവന്നാൽ പിന്നെ ചരക്കുമായി ഏത് വ്യാപാരിയാണ് ഇവിടേയ്ക്ക് വരുന്നത്? നമ്മൾ ഉപയോഗിക്കുന്ന ജയ, സൂര്യ തുടങ്ങിയ അരി ആന്ധ്രാ പ്രദേശിൽനിന്നാണ് വരുന്നത്. കേരളത്തിൽ ഒരുമാസം ആവശ്യമായിവരുന്ന 9.5 ലക്ഷം ടൺ സിമന്റിൽ പകുതിയും വരുന്നത് അയൽ സംസ്ഥാനങ്ങളിൽനിന്നാണ്. ഇതുപോലൊരു അവസ്ഥയുണ്ടായാൽ സിമന്റ് ഇറക്കുമതി ചെയ്യാൻ വ്യാപാരികൾ തയ്യാറാകില്ല. അങ്ങനെവരുമ്പോൾ നിർമ്മാണ മേഖല നിശ്ചലമാകും. ഇതൊക്കെ അറിഞ്ഞുകൊണ്ടുതന്നെയാണ് ഇങ്ങനെ ചെയ്തത്. അറവുകാളയ്ക്ക് അമിത ഭക്ഷണം കൊടുക്കുന്നതുപോലെ 100 ശതമാനവും ഇന്ത്യൻ റെയിൽവേയെ വിദേശനിക്ഷേപത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള തുടക്കമായിട്ടാണ് വിദഗ്ദ്ധൻമാർ ഇത് കാണുന്നത്. 8,000 കോടിരൂപയുടെ ലാഭം ഇതുവഴി നേടാമെന്നാണ് കേന്ദ്ര ഗവൺമെന്റ് കണക്കാക്കുന്നത്. ഇത് വളരെ അപകടകരമായ ഒരവസ്ഥയിലേയ്ക്കാണ് നമ്മുടെ രാജ്യത്തെ എത്തിക്കുന്നത്. യു.പി.എ. ഗവൺമെന്റ് വോട്ട് ഓൺ അക്കൗണ്ടിൽ ഇത് വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തില്ല, എന്നുമാത്രമല്ല റെയിൽവേ വിജ്ഞാപനമിറക്കിയ സമയത്ത് അത് റദ്ദാക്കുകയാണുണ്ടായത്. അതുപോലെതന്നെയാണ് പെട്രോളുമായി ബന്ധപ്പെട്ട കാര്യങ്ങളും. യു.പി.എ സർക്കാർ പാചകവാതക വിലയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച രംഗരാജൻ കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയെങ്കിലും ആ റിപ്പോർട്ട് നടപ്പാക്കിയി

ല്ല. പ്രസ്തുത ഫോർമുല പെട്രോളിയം മന്ത്രി ശ്രീ. ധർമേന്ദ്ര പ്രധാനും പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. നിർപേന്ദ്ര മിശ്രയുംകൂടി അംഗീകരിക്കുകയായിരുന്നു. അങ്ങനെയാണ് പാചകവാതക വിലയിൽ പുതിയ തീരുമാനമുണ്ടായത്. കഴിഞ്ഞ ഗവൺമെന്റ് ഈ കാര്യത്തിൽ ഒരു സൂക്ഷമത പുലർത്തി എന്നാൽ അത് നിലനിർത്താൻ തയ്യാറായില്ലെന്ന് മാത്രമല്ല എല്ലാ മേഖലയിലും അപകടകരമായ ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കുകയാണ് ചെയ്തത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് വളരെ അപകടകരമാണ്. ഈ സാഹചര്യത്തിൽ എല്ലാ മേഖലയും സ്തംഭിക്കുന്ന അവസ്ഥയുണ്ടായാൽ 'ഇടിവെട്ടേറ്റവനെ പാമ്പുകടിക്കുക' എന്നുപറയുന്ന രീതിയിലേയ്ക്ക് കേരളത്തെപ്പോലെയുള്ള കൺസ്യൂമർ സ്റ്റേറ്റ് മാറുന്ന അവസ്ഥയുണ്ടാകും. നമ്മൾ എല്ലാത്തിനും മറ്റുള്ളവരെ ആശ്രയിക്കുന്ന സാഹചര്യത്തിലാണ് ഇതുപോലുള്ള അവസ്ഥയുണ്ടാകുന്നത്. പ്രവാസി സമൂഹം വിദേശരാജ്യത്ത് ജോലി ചെയ്തുണ്ടാക്കുന്ന വിദേശ നാണ്യമാണ് നമുക്ക് ശക്തി പകരുന്ന ഒരു ഘടകം. ഇന്നത്തെ പത്രവാർത്തയിൽ വിമാന ഇന്ധന വില വർദ്ധിക്കുന്നു എന്നുകണ്ടു. ഇന്ധനവില വർദ്ധിച്ചാൽ കുരങ്ങന് ഏണിവച്ചതുപോലെയാകും എയർ ഇന്ത്യയുടെ അവസ്ഥ. അല്ലാതെതന്നെ എയർ ഇന്ത്യ ടിക്കറ്റ് നിരക്കുകൾ കൂട്ടിക്കൊണ്ടിരിക്കുകയാണ്. ഇന്ധനവില വർദ്ധിപ്പിച്ചാൽ അവരും ആ നിലപാട് സ്വീകരിക്കും. അത് വളരെയേറെ പ്രയാസകരമായൊരവസ്ഥ കേരളത്തിലുണ്ടാക്കും. അതുകൊണ്ട് ഈ വിഷയത്തിൽ വളരെ ശ്രദ്ധേയമായ രീതിയിൽ ഒരു പ്രമേയം അവതരിപ്പിക്കുക എന്നത് സഭയുടെ പൊതുവികാരമായി കാണണം എന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സന്തോഷപൂർവ്വം പിന്താങ്ങുന്നു. യോജിച്ച് നീങ്ങുന്നതിനുള്ള അന്തരീക്ഷം കേരളത്തിൽ സംജാതമാകുന്ന സാഹചര്യംകൂടി ഇവിടെ വഴിതുറക്കുന്നുവെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഒറ്റയടിക്ക് ഇത്രയും വിലവർദ്ധനവുണ്ടായ ഒരു കാലവും ഉണ്ടായിട്ടില്ല. കോൺഗ്രസ്സിന്റെ കാലത്തെ റയിൽവേ വർദ്ധനവിനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞെങ്കിലും ഒറ്റയടിക്ക് ഇത്രയും വർദ്ധനവ് ഉണ്ടായിട്ടില്ല. ഇൻഡ്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി പറഞ്ഞത്, നല്ല നാളുകളെ സ്വപ്നം കാണുകയെന്നാണ്. അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനം കാണുമ്പോഴും ഭീകരതയുടെ നാളുകൾ സ്വപ്നം കാണേണ്ട അവസ്ഥയാണ് വന്നുചേർന്നിട്ടുള്ളത്. ചരക്കുകൂലിയുടെ വർദ്ധനവുമൂലം ഉണ്ടായിട്ടുള്ള വിലവർദ്ധനവ് കേരളത്തെ സംബന്ധിച്ചിടത്തോളം താങ്ങാവുന്നതിലും അധികമാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. കേരളത്തിൽ അരി, ഗോതമ്പ്, പലവ്യഞ്ജനം, പച്ചക്കറികൾ, നിർമ്മാണമേഖലയ്ക്ക് ആവശ്യമയ കമ്പി, സിമന്റ് തുടങ്ങിയ എല്ലാ തരത്തിലുള്ള വസ്തുക്കളും ട്രെയിൻമാർഗ്ഗം പുറത്തുനിന്നും കൊണ്ടുവരികയാണ്. ചരക്കുകൂലിയുടെ വർദ്ധനവ് കേരളത്തിന്റെ ഭക്ഷ്യമേഖലയേയും നിർമ്മാണ മേഖലയേയും വ്യാപകമായ നിലയിൽ ബാധിക്കുന്ന സാഹചര്യം വന്നുചേർന്നിട്ടുണ്ട്. റയിൽവേ കൂലി ഭീകരമായ നിലയിൽ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇൻഡ്യയുടെ തെക്കുഭാഗത്തെ സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ ജനങ്ങൾക്ക് വലിയ ആഘാതമാണ് ഏൽക്കേണ്ടിവരുന്നത്. വല്ലാത്ത നിലയിലാണ് സീസൺ ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുന്നത്. സംസ്ഥാ

നത്ത് ഒരു ലക്ഷത്തോളം സീസൺ ടിക്കറ്റുകാരാണുള്ളത്. നിലവിൽ ഏറ്റവും കുറഞ്ഞ നിരക്ക് 15 കിലോമീറ്റർ വരെ 85 രൂപയായിരുന്നു. ഇത് 150 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. 45 കിലോമീറ്റർവരെ യാത്ര ചെയ്യുന്നതിന് സീസൺ ടിക്കറ്റ് 160 രൂപയായിരുന്നത് 300 രൂപയായി വർദ്ധിപ്പിച്ചു. 100 കിലോമീറ്റർ യാത്ര ചെയ്യുന്നതിനുള്ള സീസൺ ടിക്കറ്റ് 310 രൂപയായും 115 കിലോമീറ്റർ യാത്ര ചെയ്യുന്നതിനുള്ള സീസൺ ടിക്കറ്റ് 750 രൂപയായും വർദ്ധിപ്പിച്ചു. 271 മുതൽ 295 കിലോമീറ്റർ വരെ യാത്ര ചെയ്യുന്നതിന് സീസൺ ടിക്കറ്റ് 760 രൂപയായിരുന്നത് 1650 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള വലിയ വർദ്ധനവാണ് എല്ലാ മേഖലകളിലും അടിച്ചേൽപ്പിച്ചിരിക്കുന്നത്. ഇതിനുപുറമേയാണ് ഇവിടെ സൂചിപ്പിച്ചതുപോലെ പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വിലവർദ്ധനവ്. ജനജീവിതമാകമാനം ദു:സ്സഹമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന സന്ദർഭത്തിലും ബി.ജെ.പി. യെ സഹായിച്ച ആളുകളെ തിരിച്ച് സഹായിക്കുന്നത് കാണാൻ കഴിയും. പഞ്ചസാരയ്ക്കും വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. പഞ്ചസാരയുടെ ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം തീരുവ 15 ശതമാനത്തിൽനിന്ന് 40 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. പഞ്ചസാര ഫാക്ടറി ഉടമകൾക്ക് 4,400 കോടി രൂപ പലിശരഹിത വായ്പയായി കേന്ദ്ര ഗവൺമെന്റ് നൽകിയിരിക്കുകയാണ്. അതുപോലെ ഉള്ളിവിലയുടെ കാര്യത്തിലും വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഏത് തരത്തിൽ നോക്കിയാലും വലിയ ആഘാതമാണ് കേരളത്തിന് ഉണ്ടായിട്ടുള്ളത്. മൃഗീയമായ ഭൂരിപക്ഷം കിട്ടിയതിന്റെ അഹങ്കാരത്തിന്റെ മുഖമാണ് കാണാൻ കഴിയുന്നത്. ഇത് ഒരിക്കലും അംഗീകരി

ക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ സംസ്ഥാനം ഒറ്റക്കെട്ടായി എതിർക്കേണ്ട തായി വന്നിട്ടുണ്ട്. അതിനോട് ചേർന്നുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനപ്പിക്കുന്നു.

ശ്രീ. എ.കെ. ശശീന്ദ്രൻ : സർ, വിലക്കയറ്റംകൊണ്ട് ജനങ്ങളെ ബുദ്ധി മുട്ടിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തുടരെത്തുടരെയുള്ള നടപടിക ളിൽ ഒന്നാണ് റെയിൽവേ നിരക്ക് വർദ്ധനവ്. കേരളത്തിലെ സമസ്തമേഖല യിലും ജീവിക്കുന്ന ജനങ്ങളെയാകെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ സഭ ഒറ്റ ക്കെട്ടായിനിന്ന് കേരളത്തിന്റെ വികാരം കേന്ദ്ര സർക്കാരിനെ അറിയിക്കേണ്ട തുണ്ടെന്നാണ് ചട്ടം അനുസരിച്ച് ഇവിടെ നടത്തുന്ന ചർച്ചയിൽ ആഗ്രഹിക്കു ന്നത്. അതിന് യോജിച്ച ഒരു പ്രമേയം പാസ്സാക്കി, നാം ചെയ്യേണ്ടത് ചെയ്തു വെന്ന് സംതൃപ്തിയടഞ്ഞാൽ മാത്രം മതിയോ? ജനവിരുദ്ധ നയങ്ങൾക്കെ തിരെ കൂട്ടായ ജനരോക്ഷം ശക്തിപ്പെട്ടുവരുന്നുണ്ടെന്ന് ഭരണാധികാരികളെ ബോദ്ധ്യപ്പെടുത്താൻ കൂടുതൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന കാര്യവും ഈ സഭ ഒറ്റക്കെട്ടായിതന്നെ ആലോചിക്കേണ്ടതുണ്ടെന്ന് അഭിപ്രാ യപ്പെട്ടുകൊണ്ട് ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിനും ഇവിടെ അംഗീകരിക്കുന്ന പ്രമേയത്തിനും പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എ.എ. അസീസ് : സർ, കേന്ദ്രത്തിൽ പുതിയതായി അധികാര ത്തിൽ വന്ന എൻ.ഡി.എ. ഗവൺമെന്റ് പൊതുബഡ്ജറ്റ് പോലും അവതരിപ്പി ക്കുന്നതിനുമുമ്പാണ് ജനങ്ങളുടെ മേൽ ഇടിത്തീ വീഴ്ത്തിയതുപോലെ ചര ക്കുകൂലിയും യാത്രാക്കൂലിയും വർദ്ധിപ്പിച്ചത്. ഇത് ജനങ്ങളോടുള്ള വെല്ലു

വിളിയാണെന്ന് പറയാം. മനോഹരമായ വാഗ്ദാനങ്ങളുമായി അധികാരത്തിൽ വന്ന ഗവൺമെന്റാണ് മോഡി ഗവൺമെന്റ്. ആ ഗവൺമെന്റാണ് ബഡ്ജറ്റുപോലും അവതരിപ്പിക്കാതെ ജനദ്രോഹപരമായിട്ടുള്ള നടപടി സ്വീകരിച്ചത്. പ്രത്യേകിച്ച് കേരളീയർക്ക് അതീവദ്രോഹകരമായിട്ടുള്ള നടപടിയാണിത്. എല്ലാ ഭക്ഷ്യധാന്യങ്ങളും മറ്റ് ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്ന സംസ്ഥാനത്തെ ബാധിക്കുന്ന ജനദ്രോഹകരമായ നടപടിയിൽ പ്രതിഷേധിക്കുവാൻ കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കാൻ തയ്യാറായതിനും പ്രമേയം അവതിരപ്പിച്ച ശ്രീ. സി. ദിവാകരനേയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. സി.കെ. നാണു</u> : സർ, ഇൻഡ്യയിലുടനീളം സമീപകാലത്തൊന്നും ഉണ്ടായിട്ടില്ലാത്ത വിധം തീവണ്ടിക്കൂലിയും ചരക്കുവർദ്ധനവിനും എതിരായി ജനങ്ങൾ നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി നമുക്ക് നിൽക്കേണ്ടതുണ്ട്. കേരളത്തിൽ റെയിൽവേ വികസനം ഉണ്ടായത് കൊങ്കൺ റെയിൽവേ വന്നപ്പോഴാണ്. കേരളം, കർണ്ണാടകം, ഗോവ, മഹാരാഷ്ട്ര സർക്കാരുകൾ ഒരുമിച്ചിരുന്ന് ചർച്ചചെയ്താണ് കൊങ്കൺ റെയിൽവേ ഉണ്ടാക്കിയത്. കേരള സംസ്ഥാനത്തിന്റെ മലബാർ ഭാഗമൊക്കെ നഷ്ടപ്പെട്ട് മറ്റ് ഭാഗത്തേയ്ക്ക് റെയിൽവേ ഡിവിഷൻ വരുമെന്ന ഭീഷണിയുണ്ട്. അതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കേണ്ടതാണ്. ജനവിരുദ്ധ നയങ്ങൾ മാത്രം പിന്തുടരുന്ന ഗവൺമെന്റുകൾക്കായിരിക്കും ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കുന്ന ഗവൺമെന്റിനേക്കാളും ഗുണമെന്നായിരിക്കും മോഡി ഗവൺമെന്റിന്റെ സംശയം. ഒരുപക്ഷേ, കഴിഞ്ഞ കുറച്ചുകാലത്തെ അനുഭവങ്ങളായിരിക്കും അദ്ദേഹത്തെ ഇത്തരം തെറ്റിദ്ധാരണയ്ക്ക് ഇടയാക്കി

യത്. കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ നമുക്ക് ഒരുമിച്ച് നിൽക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. രണ്ട് പാർട്ടിയാണെങ്കിലും ഒരു നയം പിന്തുടരുന്നതിന്റെ അനുഭവമാണ് കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. മറ്റ് പമ്പുകളിൽ പോയി ഡീസലടിക്കേണ്ടി വരുന്നത് ആ നയം കാരണമാണ്. ആ നയം പിന്തുടർന്ന കോൺഗ്രസ്സിനെയാണ് ഇന്ത്യൻ ജനത പല സംസ്ഥാനങ്ങളിലും ട്രെയിനടിയിൽ തലവയ്പ്പിച്ച് കൊല്ലാൻ തീരുമാനിച്ചത്. ഈ നയം തുടർന്നാൽ ബി.ജെ.പി.ക്കും അതേ വിധിതന്നെ വരും. ജനതയുടെ മേൽ ഒരു നയം തെറ്റായി നടപ്പാക്കിയാൽ അതിന്റെ ശിക്ഷ അനുഭവിക്കണം. ആ നയത്തിനെതിരായ പോരാട്ടം ശക്തമായി നടത്തുന്നതിന് ആരുമായും യോജിച്ച് നിന്ന് പരാജയപ്പെടുത്തണം. അക്ഷരാർത്ഥത്തിൽ കേരളത്തിന്റെ അത്താഴം മുടക്കുന്ന സമീപനമാണിത്. അത് ട്രെയിൻ ചാർജ്ജ് കൂട്ടുന്നത് മാത്രമല്ല, ഗ്യാസ് സിലിണ്ടറിന്റെയും മറ്റെല്ലാ സാധനങ്ങളുടെയും വില കൂട്ടുന്നു. ഇങ്ങനെ വില കൂട്ടുമ്പോൾ ഏറ്റവും ക്രൂരമായ തരത്തിൽ ശിക്ഷിക്കപ്പെടുന്നത് കേരളമാണ്. ഇവിടെ പറഞ്ഞതുപോലെ, ഈ സഭ പ്രതിഷേധിച്ച് പ്രമേയം അയയ്ക്കുന്നത് തികച്ചും അർത്ഥവത്താണ്. സമരത്തിന്റെ യോജിച്ച വേദികൾ തെരുവിൽ എങ്ങനെ ഉണ്ടാക്കിയെടുക്കാം. കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ നമ്മളോടൊപ്പം ഈ നയത്തിനെതിരെ സമീപിക്കുന്ന പാവപ്പെട്ട മനുഷ്യർ എല്ലാ ഭാരങ്ങളും ഏറ്റുവാങ്ങണമെന്നും ലാഭം മുഴുവൻ കോർപ്പറേറ്റുകൾക്ക് കൊടുക്കണമെന്നുമുള്ള നയം ഇന്ത്യയിൽ തിരുത്തിയേ മതിയാകൂ. അത്തരത്തിൽ തിരുത്തുന്നതിനുള്ള പോരാട്ടത്തിൽ, ഏറ്റവും കൂടുതൽ ശിക്ഷ അനുഭ

വിക്കുന്ന തെക്കേയറ്റത്തുള്ള കേരളം മുൻപിൽനിന്ന് ഈ സമരത്തെ നയിക്കുന്നതിന് എല്ലാ പിന്തുണയും പ്രഖ്യാപിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഈ ഉപക്ഷേപത്തിന്റെ ഉള്ളടക്കത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. ഇതിനെതിരെ നമുക്ക് ശക്തമായ പ്രതിഷേധമുണ്ടാവുകയും അത് ശക്തമായ രീതിയിൽ രേഖപ്പെടുത്തുകയും വേണം. മറ്റ് രാഷ്ട്രീയത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ശ്രീ. മുല്ലക്കര രത്നാകരൻ സൂചിപ്പിച്ചപോലെ, ഞങ്ങളുടെ തലയൊന്നും ഒരു ട്രെയിനിന്റെ അടിയിലും ചതഞ്ഞരയാൻ പോകുന്നില്ല. ഞങ്ങളുടെ തല ചതച്ചരയ്ക്കാൻ വരുന്ന ട്രെയിനുകളെ തടുത്തുനിർത്താനുള്ള ശക്തിയും ആർജ്ജവും ഞങ്ങൾക്കുണ്ട്. അത്തരം കാര്യങ്ങളെ ഞങ്ങൾ ശക്തമായി എതിർക്കും. ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച ഉപക്ഷേപത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഔദ്യോഗികമായ ഒരു പ്രമേയം പാസ്സാക്കാം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച ഉപക്ഷേപത്തിന് അനുകൂലമായി ചട്ടം 275 അനുസരിച്ച് ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കാനുദ്ദേശിക്കുകയാണ്. ഇരുഭാഗത്തും ഒരുപോലെ അതിനോട് യോജിപ്പാണുള്ളത്. ഏതായാലും എല്ലാ അംഗങ്ങളും ഇവിടെ പറഞ്ഞ രാഷ്ട്രീയമൊഴിച്ചുള്ള എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ശ്രീ. സി. ദിവാകരൻ വലിയ രാഷ്ട്രീയമൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞ ഏകദേശം കാര്യങ്ങളൊക്കെ അംഗീകരിക്കാ

വുന്നതാണ്, അവയെല്ലാം യഥാർത്ഥത്തിലുള്ള പ്രയാസങ്ങൾ തന്നെയാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. അതുകൊണ്ട് റെയിൽവെ യാത്രാക്കൂലി വർദ്ധന ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന സംസ്ഥാനവും കേരളമാണ്. അതുപോലെതന്നെ ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ ദൈനംദിന ജീവിതത്തിലെ നിത്യോപയോഗ സാധനങ്ങൾ മുഴുവനും എന്നുമാത്രമല്ല ഏതുസാധനവും കൊണ്ടുവരുന്നത് മറ്റ് സംസ്ഥാനങ്ങളിൽനിന്നാണ്. നമുക്ക് ചോറുണ്ണാനുള്ള വാഴയിലയ്ക്കുപോലും വില കൂടുന്ന ഒരു സാഹചര്യമാണ്. അത് തമിഴ്നാട്ടിൽനിന്നാണ് വരുന്നത്. നമ്മുടെ കൺസ്ട്രക്ഷൻ മേഖല ആകെ തകരും. ഇന്നുതന്നെ പലരൂപത്തിൽ കൺസ്ട്രക്ഷൻ മേഖലയെ പലകാര്യങ്ങളും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതേ അവസരത്തിൽ കൺസ്ട്രക്ഷനുവേണ്ടിയുള്ള കമ്പിയാണെങ്കിലും സിമന്റാണെങ്കിലും എല്ലാം കൊണ്ടുവരുന്നതിന് നമ്മൾ ഉദ്ദേശിച്ചതിനേക്കാൾ കൂടുതൽ വില നൽകേണ്ടതായിവരും. അത് നമ്മളെ വളരെ പ്രതികൂലമായി ബാധിക്കും. ഈ സഭയിലെ എല്ലാഭാഗവും ഇക്കാര്യത്തിൽ ഒരുമിച്ചുനിൽക്കുന്നുവെന്നുള്ളതാണ് ഇവിടെ മൊത്തത്തിൽ കണ്ട ഒരുകാര്യം. 20-05-2014-നാണ് റെയിൽവെ 14.2% യാത്രാക്കൂലിയും 6.5% ചരക്കുകൂലിയും വർദ്ധിപ്പിച്ചത്. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് ചൂണ്ടിക്കാണിച്ചതുപോലെ 4.2% എഫ്.എ.സി. (ഫ്യുവൽ അഡ്ജസ്റ്റ്മെന്റ് കമ്പോണന്റ്) ആണ്. അത് ഇടയ്ക്കിടയ്ക്ക് കൂടികൊണ്ടിരിക്കും. എണ്ണയുടെ വില കുറയുന്നതിനനുസരിച്ച് കുറയുമെന്നാണ് പറയുന്നതെങ്കിലും എണ്ണയുടെ വില വർദ്ധിക്കുന്നതിനനുസരിച്ച് ഇത് വർദ്ധിച്ചുകൊണ്ടുമിരിക്കും. വില കുറ

ഞ്ഞാൽ ചിലപ്പോൾ കുറയും. ഇത് കേരളത്തിലല്ല, ഇൻഡ്യാ രാജ്യത്താരും പ്രതീക്ഷിക്കാത്തതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും റെയിൽവെ ചാർജ് വർദ്ധിപ്പിച്ചുവെന്ന് നേരത്തെ ഇവിടെ പറഞ്ഞു. ശരിയാണ്, കഴിഞ്ഞ 10 കൊല്ലത്തിനുള്ളിൽ ഒരുപ്രാവശ്യം യാത്രാക്കൂലി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് 2013-ലായിരുന്നു. പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പത്തുവർഷ ത്തിനുള്ളിൽ ഒരുപ്രാവശ്യം യാത്രാക്കൂലി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. അതും കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്. ശ്രീ. ലാലുപ്രസാദ് യാദവായിരുന്നു റെയിൽവേ വകുപ്പുമന്ത്രി. അപ്പോൾ ഇവിടെ യാത്രാക്കൂലി കുറച്ച ചരിത്രമുള്ള ഏക ഗവൺമെന്റ് ഈ പറയുന്ന ഡോ. മൻമോഹൻ സിംഗിന്റെ ഗവൺമെന്റാണ്. അതിനുമുമ്പൊരു കാലത്തും കുറച്ചിട്ടില്ല. ശ്രീ. ലാലു പ്രസാദ് യാദവ്, ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റിന്റെ കീഴിലായി രുന്നില്ലേ, ഇവിടെ എന്റെ ഗവൺമെന്റെന്നു പറയുമോ, ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റല്ലേ. അതുപോലെയാണ്. അപ്പോൾ യാത്രാക്കൂലി കുറച്ച ചരിത്ര വുമുണ്ട്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, കേരളത്തിൽ ഒരുതവണ ബസ് ചാർജ് കുറച്ച ചരിത്രവുമുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, കേരളത്തിൽ വൈദ്യുതി ചാർജ്ജ് കുറച്ച ചരിത്രവും എനിക്കാണുള്ളത്. വർദ്ധിപ്പിച്ച ചരിത്രവുമുണ്ട്. ഏതായാലും അധികം സമയമെടുക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇതൊരു ചെറിയ കാര്യമല്ല. ഇവിടെ നമ്മുടെ സീസൺ ടിക്കറ്റുകാരുടെ പ്രയാസങ്ങൾ പറഞ്ഞത് വളരെ ശരിയാണ്. അതുപോലെതന്നെ, ട്രെയിനിൽ, മെയിലിലോ എക്സ്പ്രസ്സിലോ കയറി കൊല്ലംവരെ പോകണമെങ്കിൽ സ്ലീപ്പർ ക്ലാസ്സിലാ

ണെങ്കിൽ 5 രൂപയും തേർഡ് എ.സി.യിലാണെങ്കിൽ 15 രൂപയും സെക്കന്റ് എ.സി.യിലാണെങ്കിൽ 25 രൂപയും ചാർജിനത്തിൽ വർദ്ധനവുണ്ടാകും. എറണാകുളത്താണെങ്കിൽ ഇവ യഥാക്രമം 25, 15, 25 രൂപ എന്ന തോതിൽ വർദ്ധിക്കും. മഞ്ചേശ്വരത്തേയ്ക്കാണെങ്കിൽ യഥാക്രമം 45, 120, 175 എന്ന രീതിയിലാണ് വർദ്ധിക്കുന്നത്. ധാരാളം ആളുകൾ ഇവിടെനിന്ന് കുടുംബ സമേതം ഡൽഹിയിലേയ്ക്ക് പോകുന്നുണ്ട്. കൂടാതെ നമ്മുടെ ആളുകൾ ധാരാളമായി അവിടെ ജോലിചെയ്യുന്നുമുണ്ട്. അവർക്ക് 110, 290, 435 എന്ന രീതിയിലുള്ള വർദ്ധനവാണുണ്ടാകുന്നത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ റെയിൽവേ യാത്രാക്കൂലി വളരെയധികം വർദ്ധിച്ചുവെന്നുപറയുമ്പോൾത്തന്നെ റെയിൽവേയുടെ ചരിത്രത്തിൽ യാത്രാക്കൂലി കുറച്ചതും ഈ 10 വർഷത്തിനിടയ്ക്കാണ്. അതായത്, 10 വർഷത്തിനുള്ളിൽ ഒരുപ്രാവശ്യം യാത്രാക്കൂലി വർദ്ധിപ്പിച്ചുവെങ്കിൽ ഒരുപ്രാവശ്യം അത് കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ, ഇന്നത്തെ ബി.ജെ.പി. ഗവൺമെന്റ് വെറും ഒരുമാസംകൊണ്ടാണ് യാത്രാക്കൂലി ഇത്രയും വർദ്ധിപ്പിച്ചത്. രണ്ടും തമ്മിലുള്ള വ്യത്യാസംകൂടി ഓർക്കുന്നത് നല്ലതാണ് എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. നമ്മളൊരു കാര്യത്തിനും എതിരല്ല, വളരെ അനുകൂല സമീപനമാണുള്ളത്. ഇനി കൂടുതൽ അനുകൂലിക്കേണ്ട കാലമാണ് വരാൻ പോകുന്നത്. റെയിൽവേ കൂലി വർദ്ധിപ്പിക്കണമെന്ന് റെയിൽവേ ചെയർമാനും റെയിൽവേ ബോർഡും പ്രൊപ്പോസലയച്ചുവെന്നാണ് റെയിൽവേ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള കാരണമായി പറഞ്ഞത്. റെയിൽവേ പ്രൊപ്പോസൽ അയച്ചിരുന്നുവെങ്കിലും ആ അഭിപ്രായം നടപ്പാക്കണ്ടായെന്നുപറഞ്ഞ് ക്യാബിനറ്റ് തള്ളിയിരിന്നു. റെയിൽവേ യാത്രാക്കൂലി വളരെയധികം വർദ്ധിച്ച ഈ സാഹചര്യ

ത്തിൽ നമ്മളെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസങ്ങളുണ്ടാകും. ഇപ്പോഴത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലി, കഴിഞ്ഞ ഗവൺമെന്റിന് ധൈര്യമില്ലാത്തതുകൊണ്ടാണ് റെയിൽവേ ആവശ്യപ്പെട്ട പ്രകാരം യാത്രാക്കൂലി വർദ്ധിപ്പിക്കാത്തതെന്ന് പറഞ്ഞു. എന്നുപറഞ്ഞാൽ കഴിഞ്ഞകാലത്ത് ഗവൺമെന്റ് ഇത്തരത്തിലുള്ള ഒരു വർദ്ധനവ് ഉദ്ദേശിച്ചിരുന്നില്ല പക്ഷെ റെയിൽവേയ്ക്ക് ഉദ്ദേശ്യമുണ്ടായിരുന്നു. ഏതായാലും ജനവിരുദ്ധമായ നയങ്ങൾ കേന്ദ്ര ഗവൺമെന്റെടുത്താൽ ഈ പറയുന്ന നിങ്ങളുടെ മുമ്പിൽ യു.ഡി.എഫ്.-ഉം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുമുണ്ടായിരിക്കും. നിങ്ങളുടെ മുമ്പിലായിരിക്കും ഞങ്ങൾ എന്നതിന് യാതൊരു സംശയവും വേണ്ട. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് എ.പി. ജയിൻ കേരള ഗവർണ്ണറായിരിക്കുമ്പോൾ കേരളം മുഴുവൻ നമ്മളൊരുമിച്ച് ബന്ദാചരിച്ചിട്ടുണ്ട്, അതും ഓർമ്മയുണ്ടാകണം.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അതുകൊണ്ട് വളരെ യോജിച്ച ഒരു അന്തരീക്ഷമാണ്. ഞാനൊരു റെസല്യൂഷൻ ഇവിടെ വായിക്കാം. ഇരുഭാഗത്തിന്റെയും അനുവാദത്തോടുകൂടിയുള്ളതാണ്. ഒരുപോലെ കൺസൽട്ട് ചെയ്തിട്ടുള്ളതുമാണ്. അത് നമുക്ക് ഐക്യകണ്ഠ്യേന പാസ്സാക്കണം. ഈ കാര്യത്തിൽ മാത്രമല്ല ഇതുപോലെ ഇനിയുണ്ടാകുന്ന കാര്യങ്ങളിലെല്ലാം ഈ മനോഭാവത്തോടുകൂടി നമുക്ക് മുന്നോട്ടുപോകാൻ കഴിയട്ടെയെന്നു മാത്രമാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: അതെല്ലാ കാര്യങ്ങളിലും സാദ്ധ്യമല്ല. അതൊക്കെ അപ്പോൾ ആലോചിച്ചാൽ മതി. പ്ലീസ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, റെയിൽവെ ബഡ്ജറ്റിനുമുമ്പായി കേന്ദ്ര സർക്കാർ നടപ്പാക്കിയ 14.2% റെയിൽവെ യാത്രാനിരക്ക് വർദ്ധനവും 6.5% ചരക്കുകടത്തുകൂലി വർദ്ധനവും കേരളത്തിലെ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന തീരുമാനങ്ങളാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് റെയിൽമാർഗ്ഗം അരി, ഗോതമ്പ്, പച്ചക്കറി, പലവ്യഞ്ജനങ്ങൾ തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കളുടെയും സിമന്റ്, കമ്പി മുതലായ നിർമ്മാണ സാമഗ്രികളുടെയും വൻ വിലക്കയറ്റത്തിന് ഈ തീരുമാനമിടയാക്കും. സീസൺ ടിക്കറ്റ് അടക്കമുള്ള റെയിൽവേ യാത്രാനിരക്ക് വർദ്ധനവ് സാധാരണ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച റെയിൽവേ യാത്രാനിരക്ക് വർദ്ധനവിലും ചരക്കുകൂലി വർദ്ധനവിലും ഈ സഭ ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തുകയും നിരക്ക് വർദ്ധനവ് പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിതരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്സ്റ്റാന്റീവ് മോഷൻ അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............................

പ്രതികൂലിക്കുന്നവർ...............................

സബ്സ്റ്റാന്റീവ് മോഷൻ സഭ ഐക്യകണ്ഠേന അംഗീകരിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂലൈ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.40-ന് പിരിഞ്ഞു.)

**********